ഇഇ (2)103/2014

# കേരളാ സർക്കാർ
## കൃഷി വകുപ്പ്
## ദർഘാസ് പരസ്യം

കേരള ഗവർണർക്കുവേണ്ടി കോഴിക്കോട് ഉത്തര മേഖല കൃഷി എക്സിക്യൂട്ടീവ് എഞ്ചിനിയർ താഴെ പറയുന്ന പ്രവർത്തിക്ക് നിശ്ചിത യോഗ്യതയുള്ള പൊതുമരാമത്ത് /ജലവിഭവ വകുപ്പിലെ അംഗീകൃത കരാറുകാരിൽ നിന്നും മത്സരസ്വഭാവമുള്ള ദർഘാസുകൾ പ്രവർത്തിയുടെ പേരെഴുതി മുദ്രവെച്ച കവറുകളിൽ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസുകൾ 05-03-2014 വൈകുന്നേരം 3 മണി വരെ സ്വീകരിക്കുന്നതും, അന്നേദിവസം 3.30 മണിക്ക് എക്സിക്യൂട്ടീവ് എഞ്ചിനിയറോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ അപ്പോൾ സന്നിഹിതരായിട്ടുള്ള ദർഘാസുകാരുടെയോ അവരുടെ പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ തുറക്കുന്നതുമാണ്. ഏതെങ്കിലും കാരണവശാൽ ടി ദിവസം പൊതുഅവധിയായി പ്രഖ്യാപിക്കപ്പെട്ടാൽ തൊട്ടടുത്ത പ്രവർത്തി ദിവസം മുകളിൽ പറഞ്ഞ വ്യവസ്ഥയിലും സമയത്തും ദർഘാസുകൾ സ്വീകരിക്കുന്നതും തുറക്കുന്നതുമായിരിക്കും. പ്രവർത്തിയെ സംബന്ധിക്കുന്ന വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ദർഘാസ് നമ്പർ | പ്രവർത്തിയുടെ പേരും അടങ്കൽ തുകയും | നിരത ദ്രവ്യം | ദർഘാസ് പ്രമാണത്തിന്റെ വില | പ്രവർത്തി ചെയ്തു തീർക്കേണ്ട കാലാവധി |
|---|---|---|---|---|
| ഇഇ(2) 103/2014 | ആദൂർ കാർഷിക പ്രോജനി ഓർച്ചാർഡിലെ മഴവെള്ള സംഭരണിയുടെ പുനരുദ്ധാരണവും പി.വി.സി കോട്ടഡ് നൈലോൺ ഫാബ്രിക്കേറ്റഡ് ഷീറ്റ് വിതരണംചെയ്ത് സ്ഥാപിക്കലും. രൂപ 2,61,000/- | 6600/- രൂപ | 600/- രൂപ + വി. നികുതി | 1 മാസം |

ദർഘാസ് പ്രമാണങ്ങളും മറ്റു വിവരങ്ങളും താഴെ ഒപ്പു വച്ചിരിക്കുന്ന ഉദ്യോഗസ്ഥന്റെ കാര്യാലയത്തിൽ നിന്നും 05-03-2014 ഉച്ചയ്ക്ക് ഒരു മണി വരെ എല്ലാ പ്രവർത്തി ദിവസങ്ങളിലും ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണത്തിന്റെ വില രൊക്കം പണമായടച്ച് രേഖാമൂലം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണങ്ങൾ മേൽപറഞ്ഞ അംഗീകൃത കരാറുകാർക്ക് മാത്രം ലഭിക്കുന്നതും അവ അന്യോന്യം കൈമാറാൻ പാടില്ലാത്തതുമാകുന്നു. ദർഘാസ് പ്രമാണത്തിന്റെ വില യാതൊരു കാരണവശാലും മടക്കികൊടുക്കുന്നതല്ല. അംഗീകൃത ബാങ്കിൽ നിന്നും കോഴിക്കോട് കൃഷി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലടച്ച നിശ്ചിത തുകയുടെ ബാങ്ക് ഡ്രാഫ്റ്റ് നിരതദ്രവ്യമായി ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ പ്രവർത്തിക്ക് ദർഘാസ് സമർപ്പിക്കുൻമ്പോൾ 100 രൂപയുടെ മുദ്രപത്രത്തിൽ ഒരു പ്രാഥമിക ഉടമ്പടി വയ്ക്കേണ്ടതാണ്. ദർഘാസുകളെ സംബന്ധിക്കുന്ന എല്ലാ സർക്കാർ നിബന്ധനകളും നിയമങ്ങളും ഈ ദർഘാസിനും ബാധകമായിരിക്കും.

(signature)

കൃഷി എക്സിക്യൂട്ടീവ് എഞ്ചിനിയർ
**(കേരള ഗവർണർക്കുവേണ്ടി)**

കൃഷി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയം
ഉത്തര മേഖല, പുതിയറ പി.ഒ
കോഴിക്കോട് -4 തിയതി: 12-02-2014
ഫോൺ - 04952725354

To IT Sn for n/a
18/2/14
SAE